കേരള നിയമസഭാ നടപടികൾ

ആറാം കേരള നിയമസഭ

ഏഴാം സമ്മേളനം

1982 ഫെബ്രുവരി 2, ചൊവ്വ.

വാല്യം LV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 1982 ഫെബ്രുവരി 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട പ്രോട്ടേം സ്പീക്കർ ശ്രീ. എ. എൽ. ജേക്കബ്ബിന്റെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. പ്രോട്ടേം സ്പീക്കറായി ശ്രീ. എ. എൽ. ജേക്കബ്ബിനെ നിയമിച്ചുകൊണ്ടുള്ള ഗവർണ്ണറുടെ ഉത്തരവ്.

Secretary (**Dr. R. Prasannan**) : The Governor of Kerala in exercise of the powers vested in her under Article 180 (1) of the Constitution has been pleased to appoint Shri A. L. Jacob to perform the duties of the Office of Speaker of Kerala Legislative Assembly until a Speaker or a Deputy Speaker is elected by the Assembly.

ഭരണഘടനയുടെ 180-ാം അനുച്ഛേദം 1-ാം ഖണ്ഡം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചു കേരളാ ഗവർണ്ണർ, നിയമസഭ ഒരു സ്പീക്കറേയോ ഡെപ്യൂട്ടി സ്പീക്കറേയോ തിരഞ്ഞെടുക്കുന്നതുവരെയും കേരള നിയമസഭയുടെ സ്പീക്കറുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി ശ്രീ. എ. എൽ. ജേക്കബ്ബിനെ നിയോഗിച്ചിരിക്കുന്നു.

II. സ്പീക്കർ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള പ്രോട്ടേം സ്പീക്കറുടെ പ്രസ്താവന.

പ്രോട്ടേം സ്പീക്കർ (ശ്രീ. എ. എൽ. ജേക്കബ്) : ശ്രീ. എ. പി. കുര്യന്റെ രാജിമൂലം സ്പീക്കർ സ്ഥാനത്തുണ്ടായിരിക്കുന്ന ഒഴിവിലേക്ക് നാളെ രാവിലെ 8.30-ന് തിരഞ്ഞെടുപ്പു നടത്തുന്നതാണ്. ഇതിലേക്കുള്ള നാമനിർദ്ദേശങ്ങൾ നിർദ്ദിഷ്ട ഫാറത്തിൽ ഇന്നുച്ചയ്ക്കു 12 മണിയ്ക്കു മുമ്പു നിയമസഭാ സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്. നാളെ ചോദ്യോത്തരവേള ഉണ്ടായിരിക്കുന്നതല്ല.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1982 ഫെബ്രുവരി 3-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 8.32-ന് പിരിഞ്ഞു.